LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലെ വൈദ്യുതീകരണം

132 [132] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായ ക്ഷേമവും യുവജന സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെയുള്ള പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ എത്ര;

(ബി) അവയിൽ ഇതേവരെ വൈദ്യുതീകരണം നടത്താത്തത് എത്രയാണ്; ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) വൈദ്യുതീകരിച്ചിട്ടില്ലാത്ത കോളനികളിൽ 2006 മാർച്ച് മാസത്തിനകം എത്ര കോളനികൾ വൈദ്യുതീകരിക്കാൻ കഴിയുമെന്ന് അവയുടെ ജില്ല തിരിച്ചുള്ള കണക്കു സഹിതം വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.†.

(സി) വൈദ്യുതീകരിക്കാത്ത എല്ലാ കോളനികളിലും വൈദ്യുതി എത്തിക്കാൻ സത്വര നടപടി സ്വീകരിച്ചു വരുന്നു.

ആദിവാസികൾക്ക് ഭൂമിവിതരണം

133 [133] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായ ക്ഷേമവും യുവജന സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി കുടുംബങ്ങൾക്ക് സർക്കാർ വാഗ്ദാനം ചെയ്ത ഭൂമി വിതരണം ചെയ്തിട്ടുണ്ടോ:

(ബി) ഇല്ലെങ്കിൽ ഇതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനെതുടർന്ന് 2001 മെയ് മാസത്തിനുശേഷം ഇതുവരെ എത്ര ഏക്കർ ഭൂമി ആദിവാസികൾക്ക് വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിന്റെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ഡി) വിതരണം ചെയ്ത ഭൂമിയിൽ കൃഷിയോഗ്യമായ സ്ഥലം എത്രയാണെന്ന് വെളിപ്പെടുത്തുമോ; ഇവർക്ക് ഏതെങ്കിലും വിധത്തിൽ തൊഴിൽ ലഭിക്കുന്നതിന് സർക്കാർ സഹായിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) ആദിവാസി കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതിനായി വനഭൂമി ലഭിക്കാൻ കേന്ദ്ര സർക്കാരിൽ നിന്ന് അനുമതി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

† അനുബന്ധം XIX.

അനുബന്ധം XIX

[6-2-2006-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 132 (132) ദയവായി കാണുക]

സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെയും അവയിൽ വൈദ്യുതീകരിക്കാത്ത കോളനികളുടെയും ജില്ല തിരിച്ചുള്ള വിവരം

ജില്ല	സംസ്ഥാനത്തെ പട്ടികജാതി കോളനികളുടെ എണ്ണം	സംസ്ഥാനത്തെ പട്ടികവർഗ്ഗ കോളനികളുടെ എണ്ണം	വൈദ്യുതീകരിക്കാത്ത പട്ടികജാതി കോളനികളുടെ എണ്ണം	വൈദ്യുതീകരിക്കാത്ത പട്ടികവർഗ്ഗ കോളനികളുടെ എണ്ണം
തിരുവനന്തപുരം	1321	163	36	28
കൊല്ലം	1214	16	98	4
പത്തനംതിട്ട	853	50	292	11
ആലപ്പുഴ	415	23	2	15
കോട്ടയം	381	138	91	2
ഇടുക്കി	282	228	29	38
എറണാകുളം	1069	115	27	13
തൃശ്ശൂർ	387	66	...	7
പാലക്കാട്	1557	309	59	140
മലപ്പുറം	1446	146	373	103
കോഴിക്കോട്	931	89	244	74
വയനാട്	59	1889	14	1654
കണ്ണൂർ	236	164	14	55
കാസർഗോഡ്	657	686	347	288
ആകെ	10808	4082	1626	2432

2/284/12-47

LIBRARY ARCHIVES Kerala Legislative Assembly